ഭേദഗതി നിയമം 9(2) പ്രകാരം സർക്കാർ ഭൂമി കൈയേറുന്നത് അറിഞ്ഞുകൊണ്ടുള്ള നിയമ ലംഘനമായതിനാൽ (കൊഗ്നൈസബിൾ) ജാമ്യം ലഭിക്കാത്ത കുറ്റമായി വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. വകുപ്പ് 13(1) പ്രകാരം സിവിൽ കോടതിയുടെ ടി വിഷയത്തിലുള്ള അധികാരം എടുത്തുകളഞ്ഞിട്ടുള്ളതും വകുപ്പ് 9(1) പ്രകാരം ചീഫ് ജുഡീഷ്യൽ കോടതികൾക്ക് പുറമ്പോക്ക് കയ്യേറ്റ കേസുകളിൽ വിചാരണ ചെയ്യുവാൻ അധികാരം കൊടുത്തിട്ടുള്ളതുമാണ്.

(സി) ഭേദഗതി വരുത്തിയ ഭൂസംരക്ഷണ നിയമ പ്രകാരം സംസ്ഥാനത്ത് നാളിതുവരെ 552 - കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഈ നിയമ പ്രകാരം ഉദ്യോഗസ്ഥരുടെ പേരിൽ നാളിതുവരെ കേസ്സുകൾ എടുത്തിട്ടില്ല.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം

11 (*401) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് സർക്കാർ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ക്ലസ്റ്റർ സമ്പ്രദായം, ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം എന്നിവമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ;

(സി) ബിരുദതലത്തിൽ ചോയ്സ് ബേയ്സ്ഡ് ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സമ്പ്രദായം വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തു മാത്രം പ്രയോജനപ്പെടും എന്ന് വിശദമാക്കുമോ ;

(ഡി) ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഏതെല്ലാം വിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിന് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട് ;

(ഇ) ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) :

(എ) അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ക്ലസ്റ്റർ സമ്പ്രദായത്തിലൂടെ സമീപസ്ഥമായ കോളേജുകളിലെ അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവശേഷിയും പങ്കിട്ടുകൊണ്ടും പൊതുവായ

അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

പുതിയ സൗകര്യങ്ങൾ സൃഷ്ടിച്ചുകൊണ്ടും കൂടുതൽ പേർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ ആകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്ഥാപനങ്ങൾ തമ്മിൽ പരസ്പര സഹകരണം വർദ്ധിപ്പിച്ചുകൊണ്ട് അനാരോഗ്യകരമായ കിട മൽസരം ഒഴിവാക്കാനാകുമെന്നും പ്രതീക്ഷിക്കുന്നു. ടീച്ചർ എക്സ്ചെയിഞ്ച് പ്രോഗ്രാം നടപ്പാക്കുന്നതിലൂടെ മെച്ചപ്പെട്ട അദ്ധ്യാപകരുടെ സേവനം കൂടുതൽ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നതാണ്.

(സി) പുതിയ സമ്പ്രദായത്തിലൂടെ വിദ്യാർത്ഥി കേന്ദ്രീകൃതമായ പാഠ്യ പദ്ധതിയാണ് നടപ്പാക്കുന്നത്. വിദ്യാർത്ഥിയുടെ അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുക്കാൻ അവസരം ലഭിക്കും. പഠനം കൂടുതൽ കാര്യക്ഷമമാകും. മൂല്യനിർണ്ണയം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനും പുതിയ സമ്പ്രദായത്തിലൂടെ സാധിക്കുന്നതാണ്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 2009-10-ൽ ആറ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. 2010-11-ൽ 1000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകും. 25-6-2010 വരെ 3,19,66,319 രൂപ സമാഹരിച്ചിട്ടുണ്ട്.

അംഗീകാരമില്ലാത്ത സ്കൂളുകൾ

12 (*402) ശ്രീ. സാജു പോൾ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അംഗീകാരമില്ലാത്ത സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ ;

(സി) നിയമാനുസൃതമല്ലാത്ത സ്ഥാപനങ്ങൾ നടത്തുന്നവർക്കെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(ഡി) മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കാനും ഇവ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാനും നടപടി സ്വീകരിക്കുമോ ;

(ഇ) എയ്ഡഡ് സ്കൂളുകൾ നടത്തുന്ന മാനേജ്മെന്റുകൾ തന്നെ അംഗീകാരമില്ലാത്ത സ്കൂളുകൾ പ്രവർത്തിപ്പിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത മാനേജർമാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

[16-7-2010-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 11 (*401) കാണുക]

ഉന്നത വിദ്യാഭ്യാസം : സാമൂഹ്യ നീതിയും ഗുണമേന്മയും ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള പ്രവർത്തനങ്ങൾ

ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

1. ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് ഫണ്ട്

ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പാക്കുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് സ്കീമിന്റെ ഔപചാരികമായ ഉദ്ഘാടനം പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് 2010 ജനുവരി മാസം 3-ന് നിർവഹിച്ചു.

♦ **പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

- സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നതുകൊണ്ട് ഒരു വിദ്യാർത്ഥിക്കും ഉന്നത വിദ്യാഭ്യാസത്തിന് അവസരം നിഷേധിക്കപ്പെടരുത് എന്ന് ഉറപ്പുവരുത്തുക.
- അടിസ്ഥാന വിഷയത്തിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക.
- ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് യോഗ്യതയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുക.

2009-10 വർഷത്തിൽ ആറ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി. 2010-11 വർഷം മുതൽ ഓരോ വർഷവും 1000 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഉന്നത വിദ്യാഭ്യാസ പുനഃസംഘാടനം

ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബിരുദതല വിദ്യാഭ്യാസ പുനഃസംഘാടനം സംസ്ഥാന സർവകലാശാലകൾ ഏറ്റെടുത്ത് നടത്തി വരികയാണ്. കോഴ്സ്-ക്രെഡിറ്റ്-സെമസ്റ്റർ സംവിധാനവും ഗ്രേഡിംഗ് സമ്പ്രദായവും കാലിക്കറ്റ്, കണ്ണൂർ, മഹാത്മഗാന്ധി, സംസ്കൃത സർവകലാശാലകൾ 2009-10 മുതൽ നടപ്പിൽ വരുത്തി. കേരള സർവകലാശാലയിൽ 2010-2011 മുതൽ ഇത് നടപ്പിലാക്കി. കൗൺസിലിന്റെ ആഭിമുഖ്യത്തിൽ അദ്ധ്യാപക പരിശീലനം നടത്തുന്നതിന് പുറമേ സർവകലാശാല/കോളേജ് തലങ്ങളിൽ ഈ സ്കീം നടപ്പിലാക്കുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സാമ്പത്തിക സഹായവും കൗൺസിൽ നൽകി വരുന്നു. വിവിധ സർവകലാശാലകളിലെ

LIBRARY ARCHIVES Kerala Legislative Assembly

ഡിഗ്രി തല പുനഃസംഘാടന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും കൗൺസിലിന്റെ നേതൃത്വത്തിൽ സർവകലാശാല പ്രോവൈസ് ചാൻസലർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

ബിരുദാനന്തര പഠനം, ടീച്ചർ എഡ്യൂക്കേഷൻ, പരീക്ഷാ നടത്തിപ്പ്, സർവകലാശാല നിയമങ്ങൾ എന്നിവ പരിഷ്ക്കരിക്കുന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ കൗൺസിൽ വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

3. ക്ലസ്റ്ററുകൾ

ഉന്നത വിദ്യാഭ്യാസ തലത്തിൽ സാമൂഹ്യനീതിയും ഗുണനിലവാരവും വർദ്ധിപ്പിക്കുന്നതിന് സമീപസ്ത കോളേജുകളുടെ ക്ലസ്റ്ററുകൾ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിച്ചുവരുന്നു. നിലവിലുള്ള വിഭവശേഷിയും, അടിസ്ഥാന സൗകര്യങ്ങളും മനുഷ്യവിഭവ ശേഷിയും പങ്കുവയ്ക്കുന്നതിനും നവീന സൗകര്യങ്ങൾ പൊതുവായി സൃഷ്ടിക്കുന്നതിനും ക്ലസ്റ്റർ സംവിധാനം സഹായകമാകും. ഓരോ ക്ലസ്റ്ററിനും 1 കോടി രൂപ ധനസഹായമായി നൽകുന്നുണ്ട്. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോട്ടും ഓരോ ക്ലസ്റ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്.

4. ഡാറ്റാ ബാങ്ക്

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച വിവരങ്ങൾ കൗൺസിൽ ശേഖരിച്ചുവരുന്നു. നാളിതുവരെ 884 സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാന വിവരങ്ങളാണ് ഇതുവരെ ലഭ്യമായിട്ടുള്ളത്. ഇത് ക്രമപ്പെടുത്തി കൗൺസിലിന്റെ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ നൽകിയ ഫോർമാറ്റിൽ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെക്കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ ശേഖരിക്കുന്നതിന് വിപുലമായ ഒരു പദ്ധതിയും കൗൺസിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള വിവരശേഖരണവും ക്രോഡീകരണവും പ്രസിദ്ധീകരണവും ഈ വർഷം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വെബ്സൈറ്റ് ആരംഭിക്കുവാനും കൗൺസിൽ സഹായം നൽകാൻ ഉദ്ദേശിക്കുന്നു.

5. ഉന്നതവിദ്യാഭ്യാസ നയം

ഡോ. യു. ആർ. അനന്തമൂർത്തി ചെയർമാനായി കൗൺസിലിനുവേണ്ടി തയ്യാറാക്കിയ കരട് ഉന്നത വിദ്യാഭ്യാസ നയരേഖ സംസ്ഥാന തലത്തിൽ ചർച്ച ചെയ്തുവരുന്നു. ചർച്ചകളിൽ ഉരുത്തിരിഞ്ഞുവരുന്ന സ്വാഗതാർഹമായ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് കരട് രേഖ സർക്കാർ അംഗീകാരത്തിനു വേണ്ടി സമർപ്പിക്കുന്നതാണ്. നയപരമായ കാര്യങ്ങളിൽ കൂടുതൽ പഠനം നടത്തുന്നതിന് 11 പ്രോജക്ടുകൾക്കും കൗൺസിൽ ധനസഹായം നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

6. ടീച്ചർ എക്സ്ചേഞ്ച് പ്രോഗ്രാം

കേരളത്തിലെയും പശ്ചിമബംഗാളിലെയും സർവകലാശാലകളിലെ അദ്ധ്യാപകരെയാണ് ഈ പരിപാടിയിൽ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളത്. മറ്റ് സംസ്ഥാനങ്ങളിലെ സർവകലാശാലകളുമായും ഈ പദ്ധതി നടപ്പാക്കുന്നതിന് ശ്രമങ്ങൾ നടന്നുവരുന്നു.

7. ഉന്നതവിദ്യാഭ്യാസ ജേർണൽ

അന്തർവൈജ്ഞാനിക പഠനങ്ങൾക്കായി ഗവേഷണ ജേർണൽ തുടങ്ങാൻ വേണ്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

8. ദി എറുഡേറ്റ് (സ്കോളർ-ഇൻ-റെസിഡൻസ്) പ്രോഗ്രാം

നമ്മുടെ സർവകലാശാലകളിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദേശത്തെയും സ്വദേശത്തെയും പ്രമുഖ പണ്ഡിതന്മാരോടും മികവുറ്റ അധ്യാപകരോടും ഇടപഴകുന്നതിനും, ആശയവിനിമയം നടത്തുന്നതിനുമായി ഏർപ്പെടുത്തിയ പദ്ധതിയാണ് ദി എറുഡേറ്റ്. പ്രശസ്തരായ പല പ്രമുഖ പണ്ഡിതരും ഇതിനോടകം വിവിധ സർവകലാശാലകളിൽ സന്ദർശനം നടത്തിയിട്ടുണ്ട്.

നോബൽ സമ്മാന ജേതാക്കളായ സോറസ് അൽഫറോവ്, റോജർ സൈൻ എന്നിവർ ഇവരിൽ ചിലർ മാത്രം.

മറ്റ് പദ്ധതികൾ

അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ

സംസ്ഥാനത്തിനകത്തുള്ള സർവ്വകലാശാലകളിലെ ഗവേഷകർക്ക് കൂടുതൽ സൗകര്യങ്ങൾ നൽകുന്നതിനാണ് അന്തർ സർവ്വകലാശാല കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഇതനുസരിച്ച് ഓരോ സർവകലാശാല കേന്ദ്രീകരിച്ചും പ്രത്യേക മേഖലയിൽ പഠന ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കുകയാണ് ലക്ഷ്യം. ബിരുദാനന്തര ബിരുദ പരിപാടികളും ഗവേഷണവും, അദ്ധ്യാപക സന്ദർശന പരിപാടികൾ, വിദ്യാർഥി സന്ദർശന പരിപാടികൾ, ബിരുദാനന്തര വിദ്യാർത്ഥികൾക്കുള്ള ഗവേഷണപരിപാടി, ഗവേഷണ വിദ്യാർഥികളുടെ കൂട്ടായ്മ, എന്നീ പ്രവർത്തനങ്ങളാണ് ഈ കേന്ദ്രങ്ങളിൽ നടത്തുക.

സെന്റർ ഫോർ ബയോ ഇൻഫർമാറ്റിക്സ് (യൂണിവേഴ്സിറ്റി ഓഫ് കേരള), സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടീ റൈറ്റ്സ് ആന്റ് ഡവലപ്മെന്റ് സ്റ്റഡീസ് (കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി), സെന്റർ ഫോർ എൺവയോൺമെന്റ് ആന്റ് സസ്റ്റെനബിൾ ഡവലപ്പ്മെന്റ് (എം.ജി. യൂണിവേഴ്സിറ്റി,) സെന്റർ ഫോർ നാനോ മെറ്റീരിയൽ ആന്റ് ഡിവൈസസ് (കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി) സെന്റർ ഫോർ ബയോ സയൻസസ് (കണ്ണൂർ യൂണിവേഴ്സിറ്റി) എന്നീ അന്തർ സർവ്വകലാശാല കേന്ദ്രങ്ങളാണ് ഇതുവരെ സ്ഥാപിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

മറൈൻ ബയോടെക്നോളജി, പ്ലാന്റ് ബയോടെക്നോളജി, ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജി എന്നീ വിഷയങ്ങളിൽ ബയോസയൻസ് ക്ലസ്റ്റർ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ആസ്പയർ സ്കോളർഷിപ്പ് സ്കീം

ശാസ്ത്രം, സാമൂഹ്യശാസ്ത്രം മാനവികവിഷയങ്ങൾ, കലകൾ എന്നീ മേഖലകളിൽ ഹ്രസ്വകാല ഗവേഷണ പരിപാടികൾ നടത്തുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്ന സ്കോളർഷിപ്പാണ് ആസ്പയർ. മികവുറ്റ വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദകാലത്തോ, ഗവേഷണകാലത്തോ ഉന്നത ഗവേഷണ സ്ഥാപനങ്ങളിൽ ഹ്രസ്വകാല പഠനം നടത്തുന്നതിന് ഈ സ്കോളർഷിപ്പ് സഹായം നൽകുന്നു.

ഇൻകൾക്കേറ്റ്

കേരളത്തിലെ സർവ്വകലാശാലകളിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന ശാസ്ത്ര പ്രചരണ പരിപാടിയാണ് ഇൻകൾക്കേറ്റ്. മികവുറ്റ ശാസ്ത്ര പ്രതിഭകളെ ചെറുപ്പത്തിലെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ കീഴിലുള്ള ചില സ്കീമുകൾ ചുവടെ ചേർക്കുന്നു.

a. AIM (Aptitude Inculcation through Mentorship)

ഇൻകൾക്കേറ്റ് പദ്ധതിയുടെ ഭാഗമായുള്ള ഒരു സ്കോളർഷിപ്പാണ് AIM. ഏഴാംതരം കഴിയുന്ന വിദ്യാർത്ഥികൾക്കാണ് ഇപ്രകാരമുള്ള സ്കോളർഷിപ്പ് ലഭിക്കുന്നത്. ഇതിന്റെ ഭാഗമായി വിദ്യാർഥികൾക്ക് 5 വർഷത്തേയ്ക്ക് സ്കോളർഷിപ്പും, ഗവേഷണസ്ഥാപനങ്ങൾ, വ്യവസായശാലകൾ, രാജ്യത്തെ മറ്റ് ശാസ്ത്ര കേന്ദ്രങ്ങൾ എന്നിവ സന്ദർശിക്കുന്നതിനുമുള്ള സഹായവും ലഭിക്കുന്നതാണ്. തെരഞ്ഞെടുക്കുന്ന വിദ്യാർഥികളിൽ 50% പെൺകുട്ടികളും ബാക്കി 50% ഗ്രാമീണ വിദ്യാർഥികളുമായിരിക്കും.

b. സർവകലാശാലകളുടെ കീഴിൽ ഹ്രസ്വകാല കോഴ്സുകളും ഗവേഷണങ്ങളും നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് അവസരം നൽകുന്ന സ്കീമാണിത്.

c. ശാസ്ത്ര പഠനങ്ങളിൽ ആഭിമുഖ്യം ലഭിക്കുന്നതിന് സെക്കണ്ടറി തല വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സ്കീമാണിത്.

LIBRARY ARCHIVES Kerala Legislative Assembly